# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.138 — 02.03.2020 ൽ മറുപടിയ്ക്ക്

### ഗതാഗത നിയമലംഘനങ്ങൾ കണ്ടെത്തുന്നതിനായി ഏജൻസി

| ചോദ്യം<br>ശ്രീ.കെ.എൻ.എ.ഖാദർ | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | ഗതാഗത നിയമലംഘനങ്ങൾ കണ്ടെത്തുന്നതിനായി സംസ്ഥാനത്തിന് പുറത്തുനിന്നുള്ള ഏജൻസിയെ ഏൽപ്പിക്കുന്നതിന് ഏതെങ്കിലും പദ്ധതി ആഭ്യന്തര വകുപ്പ് തയ്യാറാക്കിയിട്ടുണ്ടോ; ഇതിന്റെ പ്രവർത്തനം എപ്രകാരമാണെന്ന് വിശദമാക്കുമോ; | (എ) | ട്രാഫിക് നിയമ ലംഘകരെ കണ്ടെത്തുന്നതിനും, ട്രാഫിക് അപകടങ്ങൾ കുറയ്ക്കുന്നതിനും മറ്റുമായി Integrated Digital Traffic Enforcement System എന്ന പദ്ധതി നടപ്പിലാക്കുന്നതിന് 05.10.2018 തീയതിയിലെ GO(MS) No. 155/2018/Home പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുള്ളതാണ്.<br>ഈ പദ്ധതിയുടെ ഭാഗമായി 200 സ്പീഡ് വയലേഷൻ ഡിറ്റക്ഷൻ സിസ്റ്റംസ് (SVDS), 400 എ.ഐ.ക്യാമറ (ആർട്ടിഫിഷ്യൽ ഇന്റലിജൻസ്) അടിസ്ഥാനമാക്കിയുള്ള എൻഫോഴ്സ്മെന്റ് സിസ്റ്റം, 60 Mobile Speed Violation Detection Systems with Vehicles, 30 Red Light Violation Detection Systems (RLVD), 100 Helmet Absence Detection Systems (HADS) എന്നിവ സ്ഥാപിച്ച് ഏകോപിപ്പിക്കുവാൻ വിഭാവനം ചെയ്തിട്ടുണ്ട്. സ്പീഡ് വയലേഷൻ ഡിറ്റക്ഷൻ സിസ്റ്റംസ് ക്യാമറകൾ ഏകദേശം 175 സ്ഥലങ്ങളിൽ സ്ഥാപിക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. |
| (ബി) | ഇതിലേക്കായി കമ്പനികളിൽനിന്ന് ടെണ്ടർ ക്ഷണിച്ചിട്ടുണ്ടോ; ആയതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) | ടി പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് 3 ടെൻഡറുകളാണ് ക്ഷണിച്ചത്. ആദ്യ രണ്ടു ടെൻഡറുകളിൽ കമ്പനികളുടെ മതിയായ പ്രതിനിധ്യമില്ലാത്തതിനാൽ തുടർ നടപടികൾ സ്വീകരിച്ചില്ല. നം. KPET/37/2019/PHQ dated 16.09.2019 പ്രകാരം ക്ഷണിച്ച മൂന്നാമത്തെ ടെൻഡറിൽ കെൽട്രോൺ, സിഡ്കോ IT&TC ഡിവിഷൻ എന്നീ രണ്ട് കമ്പനികൾ Bid |

| | | | |
|---|---|---|---|
| | | | സമർപ്പിച്ചിട്ടുള്ളതാണ്. എന്നാൽ പ്രസ്തുത ടെൻഡർ സാങ്കേതിക പരിശോധനയ്ക്ക് ശേഷം റദ്ദ് ചെയ്യുവാൻ തീരുമാനിച്ചിട്ടുള്ളതാണ്. |
| (സി) | സംസ്ഥാനത്തിന് പുറത്തുനിന്നുള്ള ഏജൻസിയെ ഏൽപ്പിക്കുന്നതുവഴി എന്തു ഗുണമാണ് വകുപ്പിനും സംസ്ഥാനത്തിനും ഉണ്ടാവുകയെന്ന് വ്യക്തമാക്കുമോ? | (സി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് ഒരു കമ്പനിക്കും ഇതുവരെ വർക്ക് ഓർഡർ നൽകിയിട്ടില്ല. മികച്ച സേവനം ലക്ഷ്യമിട്ടായിരിക്കും ഏജൻസിയെ തെരെഞ്ഞെടുക്കുന്നതിൽ അന്തിമ-തീരുമാനമെടുക്കുന്നത്. |

**സെക്ഷൻ ഓഫീസർ**